പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3467

14.10.2011-ൽ മറുപടിക്ക്

## ആർ.ഐ.എ.ബി-യുടെ ഉദ്ദേശലക്ഷ്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, ടി.എ.അഹമ്മദ് കബീർ<br>,, കെ.എൻ.എ.ഖാദർ<br>,, വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (ആർ.ഐ.എ.ബി) രൂപികരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) 1990-ൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് നടത്തുന്നതിനായി സർക്കാർ ഇന്റേണൽ ഓഡിറ്റ് ബോർഡ് രൂപീകരിച്ചു. തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സ്ഥാപനത്തെ പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡായി (**Public Sector Restructuring & Internal Audit Board (RIAB)** പുനർ രൂപീകരിച്ചു. റിയാബിൽ നിക്ഷിപ്തമായിരിക്കുന്നതും, ചെയ്യുതുമായ ഉത്തരവാദിത്വങ്ങൾ താഴെ പറയുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായി മാസാടിസ്ഥാനത്തിൽ വിലയിരുത്തി അവർക്കാവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക. ഇതിന്റെ പ്രാധാന്യത്തിന്റേയും, പ്രയോജനത്തിന്റെയും അടിസ്ഥാനത്തിൽ ദൈനംദിന മോണിറ്ററിംഗ് സംവിധാനത്തിന്റെ സഹായത്തോടെ ഇതിനെ കൂടുതൽ ശക്തിപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചു. ഇതിന്റെ ഉത്തരവാദിത്വം റിയാബിനാണ് നൽകിയിരിക്കുന്നത്.<br><br>സർക്കാരിന്റെ നിർദ്ദേശാനുസരണം വ്യവസായ സ്ഥാപനങ്ങളുടെ പുന:സംഘടന നടപ്പിലാക്കുക.<br>വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കാലാകാലങ്ങളിലുള്ള പ്രവർത്തനത്തെക്കുറിച്ച് പഠനം നടത്തി അത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് നൽകുക.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി പ്രസ്തുത സ്ഥാപനങ്ങൾനൽകുന്ന റിപ്പോർട്ടുകൾ വിശദമായി പഠിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുക.<br><br>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള സർക്കാരിന്റെ നയ രൂപീകരണത്തിൽ സഹായിക്കുക. |

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി ദേശീയ, അന്താരാഷ്ട്ര തലത്തിൽ വിദഗ്ദ്ധൻമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് സെമിനാറുകൾ, ശിൽപശാലകൾ തുടങ്ങിയവ നടത്തുക.

വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള ലാഭസാധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതിനുവേണ്ടി രൂപീകരിച്ച 225 കോടി രൂപയുടെ കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡിൻെറ (**Kerala Industrial Revitalization Fund Board**) എല്ലാ ചുമതലകളും **RIAB**-ൽ ആയിരുന്നു നിക്ഷിപ്തമായിരുന്നത് കമ്പോളത്തിൽ നിന്നും ബോണ്ടുകളുടെ സഹായത്തോടെ രൂപീകരിച്ച 180 കോടി രൂപയായിരുന്നു ഈ പദ്ധതിയുടെ അടിസ്ഥാനം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ കൃത്യതയോടെ പരിശോധിച്ച് കിർഫിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനും, അതിൻെറ തിരിച്ചടവ് ഉറപ്പാക്കുകയും, നിക്ഷേപകർക്ക് അതിൻെറ മുതലും പലിശയും കൃത്യമായി നൽകുക എന്നതും ഈ ഉത്തരവിദിത്വത്തിൻെറ ഒരു പ്രധാന ഭാഗം തന്നെയായിരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുന:രുദ്ധാരണത്തിനുവേണ്ടി **UNDP**-യെയും, കേന്ദ്ര-സംസ്ഥാന സർക്കാരുകളെയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു **UNDP** പദ്ധതിയുടെ ചുമതലയും **RIAB**- ൽ നിക്ഷിപ്തമായിരുന്നു.

കാലാകാലങ്ങളിൽ സർക്കാരിൻെറ ഉത്തരവ്പ്രകാരം കമ്പനികളിൽ പെർഫോർമൻസ് ആഡിറ്റ് നടത്തുക, അന്വേഷണങ്ങൾ നടത്തി സർക്കാരിന് റിപ്പോർട്ടുകൾ നൽകുക എന്നിവയും റിയാബിനെ ഏൽപ്പിച്ചുവരുന്നു.

വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ **Chief Executive Officer**-മാരെ സുതാര്യ നടപടികളിലൂടെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടത്തുന്നത് റിയാബാണ്. ഇതിനായി സർക്കാർ ഒരു സെലക്ഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

സർക്കാരിൻെറ ബഡ്ജറ്റിൽ പൊതുമേഖലയുടെ പുനരുദ്ധാരണത്തിനായി നീക്കിവെക്കുന്ന തുകയുടെ വിനിയോഗം അതാത് സാമ്പത്തിക വർഷങ്ങളിൽ തന്നെ പൂർണ്ണമായും, കൃത്യതയോടെയും വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ പദ്ധതികൾക്കായി വിനിയോഗിക്കുവാൻ റിയാബിനെ

ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇതിനായി പൊതുമേഖലാ സ്ഥാപനങ്ങൾ നൽകുന്ന അപേക്ഷകൾ പരിശോധിച്ച് വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള ഉത്തരവാദിത്വം റിയാബിനാണ് നൽകിയിരിക്കുന്നത്.

2003-ൽ ഭരണ പരിഷ്കാര കമ്മിറ്റിയുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ജോലികളുടെ നിർവ്വഹണചുമതലയും റിയാബിനാണ് നൽകിയിരിക്കുന്നത്.

**a) Preparation of Corporate Plans and ensuring accountability in PSUs.**
**b) Performance Contracts and IT based Monitoring System.**
**c) Ensuring Professional Management**
**d) Human Resource Development and Succession Planning**
**e) Monitoring Fund Flows to PSUs.**

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി ദേശീയ അന്തർദേശീയ തലത്തിൽ വ്യാപിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി "**Resurgence**" എന്ന പേരിൽ ഒരു **quarterly news letter** പ്രസിദ്ധീകരിക്കുന്നതിനുള്ള ചുമതല **RIAB**- നാണ്.

പുനരുദ്ധാരണം പ്രാവർത്തികമാക്കാൻ പറ്റാത്ത സ്വയം പ്രവർത്തനം നിലച്ച സ്ഥാപനങ്ങളുടെ ലിക്വിഡേഷൻ പ്രോസസ്സ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തുന്ന മാനവശേഷി ശാക്തീകരണ പദ്ധതിയുടെ ഭാഗമായി നടത്തുന്ന പരിശീലനപരിപാടിയുടെ നടത്തിപ്പിന് റിയാബിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ 15000 തൊഴിലാളികളുടെ പരിശീലനമാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്കും, സ്ഥാപനമേധാവിക്കും സർക്കാർ അവാർഡ് നൽകിവരുന്നു. ഈ അവാർഡുകൾക്കർഹരായവരെയും, സ്ഥാപനത്തെയും പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തേണ്ട

ചുമതലയും റിയാബിനാണ് നൽകിയിരിക്കുന്നത്.

(ബി) ബോർഡ് നിലവിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുന:സംഘടനാ കാര്യത്തിൽ എന്തൊക്കെ ശുപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്;

(സി) ബോർഡ് ശുപാർശകൾ പ്രകാരം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ പുന:സംഘടിക്കപ്പെട്ടിട്ടുണ്ട്;

(ബി) യും (സി) യും

റിയാബ് സർക്കാരിന് പുന:സംഘടനാ റിപ്പോർട്ടുകൾ മാത്രമായിട്ടല്ല നൽകിയിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾക്കായിട്ട് സംയോജിതമായി നടപ്പിലാക്കേണ്ട കാര്യങ്ങളും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രാധാന്യമേറിയവ താഴെ പറയുന്നവയാണ്.

1998-ൽ വ്യവസായ വകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് വിശദമായ ധവളപത്രം തയ്യാറാക്കി.

**KIRFB-** ൽ നിന്നും വായ്പകൾ എടുക്കുന്നതിനുള്ള കമ്പനികളുടെ പ്രൊപ്പോസലുകൾ അപ്രൈസൽ നടത്തിയത് റിയാബായിരുന്നു. 300 കോടിയിൽപരം രൂപ ഇതുവഴി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ട്.

ഇതു കൂടാതെ അതാത് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൻെറ തുകയിൽ നിന്നും ധനസഹായത്തിനുള്ള കമ്പനികളുടെ പ്രൊപ്പോസലുകൾ കൃത്യമായി പരിശോധിച്ച് റിയാബ് സർക്കാരിന് നൽകുന്ന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് സർക്കാരിൽ നിന്നും താഴെ പറയുന്ന ധനസഹായം ലഭ്യമാക്കിയത്.

| Year | Amount released to PSUs (Rs. lakhs) |
|---|---|
| 1997-- -98 | 5,725.00 |
| 1998- -99 | 6,500.00 |
| 1999- -00 | 4,999.36 |
| 2000- -01 | 4,861.25 |
| 2001- -02 | 4,494.25 |
| 2002- -03 | 4,469.44 |
| 2003-- -04 | 8,406.17 |
| 2004 --05 | 7,507.64 |
| 2005- -06 | 5,332.10 |
| 2006- -07 | 5,300.00 |
| 2007 -08 | 4,853.54 |
| 2008-09 | 5,644.00 |
| 2009-10 | 4,983.00 |
| 2010-11* | 9,909.17 |

*** An amount of Rs.4433 lakhs was also allotted under SDG during 2010-11.**

ടെക്സ്റ്റൈൽസ് മേഖലയിലെ കമ്പനികളുടെ സുഗമമായ നടത്തിപ്പിന് സർക്കാർ രൂപീകരിച്ച **Cotton Purchase Committee** മുഖേന നൽകുന്ന ധനസഹായത്തിൻെറ

വിനിയോഗം ഉറപ്പുവരുത്തുന്ന ചുമതലയും റിയാബാണ് നിർവ്വഹിച്ചുവരുന്നത്.

കാലാകാലങ്ങളിൽ ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്ന നവീകരണ വിപുലീകരണ പ്രവർത്തനങ്ങളിൽ റിയാബ് നൽകുന്ന ശുപാർശകളുംകൂടി കണക്കിലെടുത്തുകൊണ്ടാണ് സർക്കാർ തീരുമാനമെടുക്കുന്നത്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനവശേഷി കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഏതൊക്കെ പരിശീലന പരിപാടികൾ ആർ.ഐ.എ.ബി നടപ്പിലാക്കിയിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ഡി) റിയാബ് പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനവവിഭവ ശേഷിയുടെ ശാക്തീകരണത്തിൻെറ ഭാഗമായി ചീഫ് എക്സിക്യൂട്ടീവ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും പരിശീലന പരിപാടികൾ നടത്തിവരുന്നു.

(ഇ) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ധനസഹായത്തിൻെറ ശരിയായ വിനിയോഗം ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ; ധനസഹായ വിനിയോഗത്തിലെ അപാകതകൾ സംബന്ധിച്ച് കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ഇ) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും മറ്റുള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്നും ധനം ലഭ്യമാക്കുന്നതിനും അവയുടെ വിനിയോഗം ഉറപ്പുവരുത്തുന്നതിനുമുള്ള ചുമതലകൾ **RIAB** ആണ് നിർവ്വഹിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ധനസഹായം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി റിയാബ് മുഖേന ഒരു **Joint Account System** വഴിയാണ് സ്ഥാപനങ്ങൾക്ക് നൽകുന്നത്. കമ്പനി മാനേജിംഗ് ഡയറക്ടറും, ഫിനാൻസ് മാനേജരും ചേർന്ന് സാക്ഷ്യപ്പെടുത്തിയ കൃത്യമായ **Utilization** സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ മാത്രമേ ജോയിൻറ് അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുവാൻ അനുമതി നൽകാറുള്ളൂ. സർക്കാർ ഉത്തരവിൽ കൃത്യമായി റിയാബിൻെറ പേര് പരാമർശിക്കുന്ന കാര്യങ്ങളിൽ മാത്രമേ ഇത്തരത്തിലുള്ള ഒരു ജോയിൻറ് അക്കൗണ്ട് വഴി തുക ഉപയോഗിക്കുന്നതിന് റിയാബ് നിയന്ത്രണ വിധേയമാക്കാറുള്ളൂ. തുക പൂർണ്ണമായി ഉപയോഗിച്ച് കഴിഞ്ഞാൽ അതിന്മേൽ ഒരു ആഡിറ്റും നടത്താറുണ്ട്. അപാകതകളൊന്നും തന്നെ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ